# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1053** **05.03.2020 ൽ മറുപടിക്ക്**

## റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ബാലരാമപുരത്തെ നിർദ്ദിഷ്ട റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സ.ഉ.(സാധാ)നം. 718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം ബാലരാമപുരത്തെ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന്റെ എസ്.പി.വി ആയി ആർ.ബി.ഡി.സി.കെ-യെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ ജി.എ.ഡി സതേൺ റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ, വിഴിഞ്ഞം പോർട്ടുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു വികസന പദ്ധതി കൊങ്കൺ റെയിൽവേയെ ഏൽപ്പിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ ആർ.ബി.ഡി.സി.കെ-യെ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റും ജി.എ.ഡി.യും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിനായി കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നറിയിക്കാമോ; | (ബി) | Institute of Societal Advancement -നെ കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്. |
| (സി) | വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | അലൈൻമെന്റും, ജി.എ.ഡി.യും തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഇതിനു ശേഷം മാത്രമേ വിശദമായ പദ്ധതി രേഖ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി എത്ര രൂപയുടെ പദ്ധതി ആണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ഡി) | 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ, ബാലരാമപുരം ആർ.ഒ.ബി ഉൾപ്പെടെ 39 ആർ.ഒ.ബി.കളുടെ നിർമ്മാണത്തിനായി 878 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**